**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4851** **20-07-2022 - ൽ മറുപടിയ്ക്ക്**

**വിനോദ സഞ്ചാര മേഖലയിൽ നിക്ഷേപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിനോദസഞ്ചാര മേഖലയിൽ നിക്ഷേപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിക്കുന്ന പദ്ധതികൾ ഉണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് വിനോദ സഞ്ചാര മേഖലയിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കാൻ വിവിധങ്ങളായ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നു.<br><br>**1. കാരവൻ ടൂറിസം.**<br><br>കോവിഡാനന്തര സാഹചര്യത്തിൽ സഞ്ചാരികളെ വരവേൽക്കാനായി മികച്ച പ്രചാരണ പ്രവർത്തനങ്ങൾക്കൊപ്പം സഞ്ചാരികൾക്കായി പുത്തൻ അനുഭവങ്ങളും ഏർപ്പെടുത്തണം എന്ന തീരുമാനത്തിന്റെ ഭാഗമായി ഒരു നവീന ടൂറിസം ഉൽപ്പന്നം എന്ന നിലയിൽ കാരവൻ ടൂറിസം പദ്ധതി നടപ്പാക്കി വരുന്നു. വിനോദസഞ്ചാര മേഖലയിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കുക എന്ന ലക്ഷ്യം കൂടി മുൻനിർത്തിയാണ് പദ്ധതി നടപ്പാക്കി വരുന്നത്. കേരളത്തിലെ അധികം അറിയപ്പെടാത്ത ഡെസ്റ്റിനേഷനുകൾ സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുക, ടൂറിസം മേഖലയിൽ കൂടുതൽ സ്വകാര്യ നിക്ഷേപം ആകർഷിക്കുക എന്നിവയും പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളാണ്.<br><br>കാരവൻ ടൂറിസത്തിന്റെ ഭാഗമായുള്ള കാരവൻ പാർക്കുകളുടെ നിർമ്മാണത്തിൽ വൻ സ്വകാര്യ പങ്കാളിത്തമാണുള്ളത്. പത്തു കാരവനുകൾ സ്വകാര്യ സംരഭകരുടേതായി സർവീസ് ആരംഭിച്ചു കഴിഞ്ഞു. വാഗമണ്ണിൽ ഒരു കാരവൻ പാർക്ക് കമ്മീഷൻ ചെയ്തു. 5 പാർക്കിന്റെ പണി പുരോഗമിക്കുന്നു. 25 ഓളം കാരവനുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. പുതുതായി 150 കാരവൻ പാർക്കുകൾ നിർമ്മിക്കാൻ സ്വകാര്യ മേഖല തയാറായിട്ടുണ്ട്<br><br>**2. മാർക്കറ്റിംഗ് മേഖല** |

| | | | |
|---|---|---|---|
| | | | കേരളാ ടൂറിസം മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത് കേരളത്തിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന സംരംഭകരുമായി ആലോചിച്ച് അവരുടെ കൂടി അഭിപ്രായം പരിഗണിച്ചാണ്. ഇന്ത്യയ്ക്ക് അകത്തും പുറത്തും കേരളത്തിലെ വിനോദസഞ്ചാരം ലക്ഷ്യമിട്ട് കൂടുതൽ വിനോദസഞ്ചാരികളെ നമ്മുടെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിന് വേണ്ടി പാർട്ട്ണർഷിപ്പ് മീറ്റുകൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ കേരളാ ടൂറിസം പങ്കെടുക്കുന്ന ദേശീയ അന്തർദ്ദേശീയ ടൂറിസം മേളകളിലും കേരളത്തിലെ സ്വകാര്യ സംരംഭകർ കൂടി കേരളാ പവലിയന്റെ ഭാഗമായി പങ്കെടുത്തു വരുന്നു. ഈ വർഷം കൊച്ചിയിൽ നടന്ന കേരളാ ട്രാവൽ മാർട്ട്, പൊതു സ്വകാര്യ പങ്കാളിത്തത്തോടെയാണ് നടത്തിയത്. 234- വിദേശ ബയറർമാരും 897- ആഭ്യന്തര ബയറർമാരും ഉൾപ്പെടെ 1200-ഓളം പേർ ഈ വർഷത്തെ കേരളാ ട്രാവൽമാർട്ടിൽ പങ്കെടുത്തു.<br><br>**<u>3. അടിസ്ഥാന സൗകര്യ വികസനം</u>**<br><br>വിനോദസഞ്ചാര വികസനം ലക്ഷ്യമിട്ട് വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം വകുപ്പ് ചെയ്തു വരുന്നുവെങ്കിലും ഇങ്ങനെ പൂർത്തിയാക്കിയ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ നടത്തിപ്പ് ചുമതല സ്വകാര്യ സംരംഭകരുമായി സഹകരിച്ചാണ് നടത്തി വരുന്നത്.<br><br>ചടയമംഗലത്ത് ഉള്ള ജടായു ടൂറിസം പദ്ധതി, കോവളം ക്രാഫ്റ്റ് വില്ലേജ്, ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് എന്നിവ പൊതു-സ്വകാര്യ പങ്കാളിത്ത മോഡലിൽ നടപ്പിലാക്കി വരുന്ന പദ്ധതികളാണ്.<br><br>കേരളീയ വാസ്തുവിദ്യാ ശൈലിയിൽ നിർമ്മിച്ചിരിക്കുന്ന സ്വകാര്യ മേഖലയിലെ പൈതൃക വീടുകളെ സംരക്ഷിക്കുന്നതിനും അവിടെ വിനോദ സഞ്ചാരികൾക്ക് താമസ സൗകര്യം ഒരുക്കുന്നതിനുമുള്ള ഗൃഹസ്ഥലി പദ്ധതി ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്നു. ഇതനുസരിച്ച് പൈതൃക ഗൃഹം നവീകരിക്കുന്നതിന് ആവശ്യമായ തുകയുടെ 25 % (പരമാവധി 5 ലക്ഷം രൂപ) വരെ സബ്സിഡി ആയി ടൂറിസം വകുപ്പ് നൽകുന്നു. |
| (ബി) | ഗൃഹസ്ഥലി സ്കീമിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) | കേരളത്തിലെ വാസ്തുവിദ്യാപരവും പുരാതനവുമായ കെട്ടിടങ്ങളെ സംര ക്ഷിക്കുന്നതിന്റെ ഭാഗമായി സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഗൃഹസ്ഥലി. പൗരാണികചരായയുള്ള കെട്ടിടങ്ങളെ താമസയോഗ്യമാക്കി മാറ്റി ഉടമസ്ഥന് വരുമാനം ഉണ്ടാക്കാനും പദ്ധതി ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| | | | നാശോമുഖമായിക്കൊണ്ടിരിക്കുന്ന കേരളത്തിന്റെ വാസ്തുവിദ്യാ പാരമ്പര്യം സംരക്ഷിക്കുവാനും കേരള ജീവിത രീതി സഞ്ചാരികൾക്ക് പരിചയപ്പെടുത്തുവാനും പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. അൻപത് വർഷത്തിനു മുകളിൽ പഴക്കമുള്ള കെട്ടിടങ്ങളാണ് പ്രധാനമായും ഗൃഹസ്ഥലി സ്കീമിൽ വരുന്നത്. ഹെറിറ്റേജ് സ്വഭാവമുള്ള കെട്ടിടങ്ങളെ സഞ്ചാരികൾക്ക് താമസസൗകര്യം കൂടി ഒരുക്കാനും കെട്ടിട ഉടമയ്ക്ക് സാമ്പത്തിക സഹായവും പ്രസ്തുത പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു.<br><br>ടി പദ്ധതിക്കായി രൂപീകരിച്ച കമ്മിറ്റി പരിശോധന നടത്തിയാണ് ഗൃഹസ്ഥലിയ്ക്ക് അംഗീകാരം നൽകി വരുന്നത്. അറ്റകുറ്റപ്പണികൾ ആവശ്യമുള്ള കെട്ടിടങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മുഖേന തയ്യാറാക്കി സമർപ്പിക്കുന്ന എസ്റ്റിമേറ്റ് പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ സഹിതം ഗൃഹസ്ഥലി അംഗീകാരത്തിനായി അപേക്ഷിക്കാം. അംഗീകരിക്കാവുന്ന ഗൃഹസ്ഥലി യൂണിറ്റുകൾക്ക് മെയിന്റനൻസ് കോസ്റ്റിന്റെ 25% (പരമാവധി 5 ലക്ഷം രൂപവരെ) ധനസഹായം ടൂറിസം വകുപ്പ് നൽകി വരുന്നുണ്ട്. പ്രസ്തുത കെട്ടിടം 10 വർഷത്തേക്ക് മറ്റൊരു ആവശ്യത്തിനും ഉപയോഗിക്കാൻ പാടില്ല എന്ന നിബന്ധനയും ഉണ്ട്. |

സെക്ഷൻ ഓഫീസർ